കത്തുകൾ

# ഇങ്ങനെയും ചില സംഭവങ്ങൾ ലോകത്തുണ്ട്

**വർഗീയതയു**ടെ വിഷപ്പുകയിൽ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഉജ്വലമായ ചില വെള്ളിരേഖകളും നമ്മുടെ രാജ്യത്ത് പ്രത്യക്ഷപ്പെടുന്നുണ്ട്. നമ്മുടെ മീഡിയ അവ കാണാതെ പോകുന്നുവെന്നത് ദുഃഖകരമാണ്.

വർഗീയ സംഘർഷങ്ങൾക്ക് പേരുകേട്ട ഉത്തർപ്രദേശിലെ ഹൈന്ദവ സഹോദരങ്ങൾ റമദാനിൽ തങ്ങളുടെ പ്രദേശവാസികളായ മുസ്‌ലിം സഹോദരങ്ങൾക്ക് ഒരുക്കിയ നോമ്പുതുറ അവയിലൊന്നാണ്. ഉത്തർപ്രദേശിലെ നൗബാത്ത്പൂരിലെ ഹനുമാൻ ക്ഷേത്രമുറ്റത്ത് നമസ്കാരത്തിന് കൂടി അവർ സൗകര്യമൊരുക്കി. രാജ്യം പിന്തുടരേണ്ട മഹത്തായ മാതൃകയാണിത്. 150 വർഷമായി തുടർന്നുവരുന്ന ഈ സാഹോദര്യ ബന്ധം തകർക്കാൻ, വിഭജനത്തിന് മുമ്പും ശേഷവും ഒരു രാഷ്ട്രീയപാർട്ടിയും ആസൂത്രണംചെയ്ത വർഗീയ ആക്രമണങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഭാരതത്തിലെ ഭരണ-പ്രതിപക്ഷ കക്ഷികളുടെയും സെൻസേഷനൽ വാർത്തകൾ നിരത്തുന്ന പത്രമാധ്യമങ്ങളുടെയും മുന്നിൽ ചോദ്യങ്ങളുയർത്തുന്ന ഇത്തരം നിരവധി സംഭവങ്ങൾ കാണാം.

റമദാനിൽ മുസ്‌ലിംകളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് മുസ്‌ലിം കൂട്ടുകാരോടൊത്ത് വ്രതം അനുഷ്ഠിക്കുന്ന നൂറുകണക്കിന് സഹോദര മതക്കാരുണ്ട്. കൊച്ചി ഡെപ്യൂട്ടി മേയർ സി.കെ മണിശങ്കർ, നാട്ടിക നിയോജക മണ്ഡലം എം.എൽ.എ പ്രതാപൻ തുടങ്ങിയവർ വർഷങ്ങളായി റമദാനിൽ നോമ്പെടുക്കുന്നവരാണ്. വർഷങ്ങളായി സഹപാഠികളോടൊപ്പം നോമ്പെടുക്കുന്ന നിരവധി വിദ്യാർഥികളുമുണ്ട്.

എന്നാൽ ഇതര മതസമൂഹം പ്രഖ്യാപിക്കുന്ന ഈ ഐക്യദാർഢ്യം തിരിച്ചു നൽകാൻ മുസ്‌ലികൾക്ക് കഴിയുന്നുണ്ടോ? കർമശാസ്ത്രത്തിന്റെ തലനാരിഴ കീറിയ ചർച്ചകളിൽ നിന്ന് പലപ്പോഴും ഇടുങ്ങിയ നിയമങ്ങൾ പിറക്കുന്നു. അവ ചിലപ്പോൾ വിശാലമായ സാമൂഹിക ബന്ധങ്ങൾക്ക് വിലങ്ങുതടിയാവുകയും ചെയ്യുന്നു. ഹൈന്ദവ ആഘോഷ നാളുകളിൽ അവരിൽ കഴിവില്ലാത്തവർക്ക് ഭക്ഷണമെത്തിക്കുന്നതിനെ പോലും വിശാല മനസ്കതയോടെയല്ല പലരും നോക്കിക്കാണുന്നത്. നന്മയെ പ്രോത്സാഹിപ്പിക്കുക എന്ന നബിവചനം ഉൾക്കൊണ്ട്, വിദ്വേഷ വാർത്തകളുടെ പിറകെ നാം പായാതിരിക്കുക.

ഇസ്‌ലാം പ്രസംഗിക്കുകയല്ല, പ്രാവർത്തികമാക്കുകയാണ് വേണ്ടത്. റമദാനിൽ നമസ്കരിക്കാൻ മസ്ജിദിൽ സ്ഥലമില്ലാതെ കഷ്ടപ്പെടുന്ന മുസ്‌ലിംകൾക്കായി ജൂതരും ക്രൈസ്തവരും തങ്ങളുടെ ദേവാലയങ്ങൾ തുറന്നു കൊടുക്കുന്നു. അമേരിക്കയിലെ വിർജീനിയയിൽ റമദാനിൽ മുസ്‌ലിംകൾക്ക് നമസ്കരിക്കാൻ ജൂത പുരോഹിതർ തങ്ങളുടെ സിനഗോഗ് തുറന്നു കൊടുത്തു. അവിടെ മുസ്‌ലിംകളും ജൂതരും ക്രിസ്ത്യാനികളും തങ്ങളുടെ ദേവാലയങ്ങളും പരിസരവും പരസ്പരം പങ്കുവെക്കുന്നു. 1983 മുതൽ നിലനിൽക്കുന്ന ഈ മാതൃക ലോകത്തെ അറിയിക്കാൻ മീഡിയ മടിക്കുകയാണ്. പശ്ചിമേഷ്യയിലെ ജൂതകുടിയേറ്റവും ഇസ്രയേലിന്റെ ഫലസ്തീൻ ആക്രമണവും മാത്രമാണ് നമുക്ക് വാർത്ത. ഇസ്രയേലിന്റെ ആക്രമണം തീർച്ചയായും എതിർക്കപ്പെടണം. ഒപ്പം വെർജീനിയയിലെ മുസ്‌ലിം, ജൂത, ക്രൈസതവ സൗഹാർദവും, യു.പിയിലെ നൗബാത്ത് പൂരിലെ ഹനുമാൻ ക്ഷേത്ര മുറ്റത്ത് ഹൈന്ദവ സഹോദരങ്ങൾ

സജ്ജമാക്കുന്ന നമസ്കാര സ്ഥലവും നോമ്പുതുറയും വാഴ്ത്തപ്പെടേണ്ടതുണ്ട്.

രാഷ്ട്രീയ ലാഭങ്ങൾക്കായി ചുട്ടെടുക്കുന്ന കലാപങ്ങൾക്കിരയായ ദശലക്ഷങ്ങൾ ഇന്നും തെരുവ് തെണ്ടുന്നത് ഉത്തരേന്ത്യയിൽ ഒരു കാഴ്ചയേയല്ല. ഇവരിലേക്കിറങ്ങുമ്പോൾ അറിയാം അവർ മുസ്‌ലിംകൾ മാത്രമല്ല, മറ്റു മതക്കാരും അവരിലുണ്ടെന്ന്. ആസാമിലെ ബാർപ്പേട്ടയിൽ ബോഡോകൾ അഴിച്ചുവിട്ട ആക്രമണത്തിന്റെ ഇരകളായ മുസ്‌ലിംകൾക്കും മറ്റു മതക്കാർക്കും മുസ്‌ലിംകൾ റിലീഫ് കിറ്റുകൾ നൽകിയപ്പോൾ അവർക്കുണ്ടായ അനുഭൂതി വിവരണാതീതമാണ്.

1992-ൽ തെക്കൻ കേരളത്തിലെ ഉരുൾപൊട്ടൽ, ഒറീസയിലെ ചുഴലിക്കാറ്റ്, ഗുജറാത്തിലെ ഭൂമികുലുക്കം, ബീഹാറിലെ വെള്ളപൊക്കം, സൂനാമി തുടങ്ങിയ ദുരന്തങ്ങളിലെ ഇരകൾക്ക് ആശ്വാസവുമായി ചെന്ന ഐ.ആർ.ഡബ്ലിയു പ്രവർത്തകരെല്ലാം മുസ്‌ലിംകളാണെന്നറിഞ്ഞപ്പോഴാണ് ഹൈന്ദവ, ക്രൈസ്തവ സഹോദരങ്ങൾ ഇസ്‌ലാമിന് ഇങ്ങനെയും ഒരു മുഖമുണ്ടെന്ന് മനസ്സിലാക്കിയത്. അത് അവരിൽ സൃഷ്ടിച്ച കൗതുകവും ഇസ്‌ലാമിനെ കൂടുതൽ അറിയാൻ അവർ കാണിച്ച ഔൽസുക്യവും തിരിച്ചറിയേണ്ടതാണ്. വിശിഷ്യാ സൂനാമി ദുരന്തവേളയിൽ ആന്തമാൻ ദ്വീപിൽ ജമാഅത്തെ ഇസ്‌ലാമിയും രാമകൃഷ്ണ സംഘം പ്രവർത്തകരും ആഴ്ചകളോളം സംയുക്തമായി നടത്തിയ റിലീഫ് ക്യാമ്പ് രാജ്യത്തിന് മാതൃകയാവുകയുണ്ടായി. നന്മയുടെ കരവാളേന്തുകയാണ് ശത്രുവിനെ മിത്രമാക്കാനുള്ള എളുപ്പവഴിയെന്ന പ്രവാചക സന്ദേശം നമ്മെ നയിക്കട്ടെ.

**എം.എ അബ്ദുൽ കരീം എടവനക്കാട്**

# ശരീരം
## മതേതരം, മതാത്മകം

**ജമീൽ അഹ്മദിന്റെ** ലേഖനം (ലക്കം 17) വായിച്ചു തീർന്നപ്പോൾ സ്വകാര്യവും സാമൂഹികവുമായ ശരീരങ്ങളുടെ വൈരുധ്യാത്മക വിശകലനത്തിലൂടെയാണോ യഥാർഥത്തിൽ സ്വവർഗരതിയോടുള്ള ഇസ്‌ലാമിക സമീപനത്തെ വിശദീകരിക്കേണ്ടത് എന്ന ചിന്തയാണ് പ്രഥമമായി ഉയർന്നത്. സമൂഹത്തിനു പ്രശ്നമാകാത്ത അതിരു വരെ അനുവർത്തിക്കാവുന്ന ഒന്നായി സ്വകാര്യ സ്വാതന്ത്ര്യത്തെ ഇസ്‌ലാം നിരൂപിക്കുന്നുണ്ടോ? വ്യക്തി തെറ്റു ചെയ്യുന്നതിനു ശിക്ഷ നൽകേണ്ടത് അല്ലാഹു ആണെന്നത് പരമാർഥം തന്നെ. പക്ഷേ, അത് ഇസ്‌ലാമിക ശരീഅത്തിന്റെ ഉള്ളടക്കത്തിലും സാമൂഹിക മാനങ്ങളുള്ള മൂല്യ സംസ്ഥാപന ശ്രമങ്ങളിലും മായംചേർക്കാനുള്ള പോംവഴിയല്ല!

സ്വവർഗ ലൈംഗികത സ്വയമേവ കുറ്റമല്ല എന്ന ഇന്ത്യൻ പരമോന്നത കോടതിയുടെ നിലപാടിൽ മതവിശ്വാസികൾ അത്ഭുതപ്പെടേണ്ടതില്ല എന്ന ലേഖകന്റെ നിലപാട് ശരിതന്നെ. യഥാർഥത്തിൽ മതേതരത്വം ഒരു പ്രത്യയശാസ്ത്രം എന്ന നിലയിൽ വളരുമ്പോൾ അത് മൂല്യങ്ങളെയും അതിന്റെ ദൈവിക/മത അടിത്തറകളെയും നിരന്തരം വെല്ലുവിളിക്കുകയും നിഷേധിക്കുകയും ചെയ്യുക സ്വാഭാവികമാണ്. ഈ മതേതരത്വത്തെ തള്ളിപ്പറഞ്ഞതിന്റെ പേരിൽ കാലാകാലങ്ങളായി പഴികേൾക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനത്തിനു മുന്നോട്ടു വെക്കാവുന്ന ചിന്ത ഇത്തരത്തിലുള്ളതാണ് എന്നത് പ്രസക്തിയർഹിക്കുന്നു.

എന്നാൽ ലൈംഗിക ന്യൂനപക്ഷം തുടങ്ങിയ സംജ്ഞാവലികളെ എഴുന്നള്ളിച്ച് മതേതര അജണ്ടക്ക് അരികു പറ്റുന്ന നിലപാടുകൾ തന്നെ ഉയർത്താൻ ശ്രമിക്കുന്നത് ഖേദകരമാണ്. സ്വവർഗലൈംഗികതയെ സദാചാര വിരുദ്ധതയുടെയും കുറ്റകൃത്യങ്ങളുടെയും ഗണത്തിൽ പരിഗണിക്കുന്ന മതവിശ്വാസികളെ വിമർശിക്കുകയും അത്തരക്കാരുടെ അതിജീവന പ്രശ്നങ്ങളെ മുഖ്യ പരിഗണനാ വിഷയമാക്കുകയും ചെയ്യുന്ന ലേഖകന്റെ നിലപാട് മതേതര വിശ്വാസത്തിന്റെ തലതിരിഞ്ഞ യുക്തിയെ തന്നെ പിന്തുടരുന്നു. പ്രശ്നത്തെ കീഴ്മേൽ മറിച്ചു കൊണ്ട് വ്യാപകമായി നടക്കുന്ന പ്രോപഗണ്ടയുടെ കെണിയാണ് ഈ നിലപാട്. യഥാർഥത്തിൽ സ്വവർഗലൈംഗികതയുടേത് മാനുഷികവും നൈതി

കവുമായ ഒരു പ്രശ്നമാണോ? ഈ വിഷയം ഉയർത്തിപ്പിടിക്കുകയും നിർമിക്കുകയും ചെയ്യുന്ന രാഷ്ട്രീയമല്ലേ യഥാർഥത്തിൽ ചർച്ച ചെയ്യേണ്ടത്? ശരീരാസക്തികളുടെ വിപുലമായ വിപണിക്ക് ഇരകളായിത്തീരാൻ വിധിക്കപ്പെടുന്ന തരത്തിൽ വരും തലമുറയുടെ ബുദ്ധിയിലും മനസ്സിലും വിഷം കുത്തിവെക്കുന്ന മൂല്യച്യുതിയിൽ അസ്വസ്ഥപ്പെടാനുള്ള അവകാശമെങ്കിലും മതവിശ്വാസികൾക്കില്ലേ?

സ്വവർഗരതി ലൈംഗിക രോഗമോ ജനിതക സ്വഭാവമോ എന്ന തർക്കങ്ങളിൽ അഭിരമിക്കുകയല്ല വേണ്ടത്. സ്വകാര്യ/ സമൂഹ ശരീരം എന്നുള്ളതല്ല, മറിച്ച് മതേതര/മതാത്മക ശരീരം എന്ന ദ്വന്ദ്വത്തിന്റെ അടിസ്ഥാനത്തിലുള്ള ചർച്ചകൾക്കാണ് കൂടുതൽ മിഴിവേറുക.

**ഹസീം മുഹമ്മദ്**

# മനസ്സിലായവരുണ്ടോ?

**സമദ്** കുന്നക്കാവ് എഴുതിയ 'പോസ്റ്റ് മാർക്സിസം കാലത്തെ ഇസ്‌ലാമിന്റെ പ്രതിനിധാനം' (ലക്കം 18) എന്ന ലേഖനം രണ്ടു പ്രാവശ്യം ആവർത്തിച്ചു മനസ്സിരുത്തി വായിച്ചിട്ടും ഒന്നും മനസ്സിലായില്ല! പ്രസ്തുത ലേഖനം മനസ്സിലായ വല്ലവരും *പ്രബോധനം* വായനക്കാരിലുണ്ടെങ്കിൽ അതൊന്ന് പരിഭാഷപ്പെടുത്തി തന്നാൽ കൊള്ളാമായിരുന്നു! ലളിതമായ ഒരു വിഷയത്തെ സംസ്കൃത പദങ്ങളുപയോഗിച്ച് എങ്ങനെ സങ്കീർണമാക്കാം എന്നതിന്റെ മികച്ച ഉദാഹരണമായി പ്രസ്തുത ലേഖനം. ലേഖനം ആളുകൾക്ക് മനസ്സിലാകരുതെന്ന് നിഷ്കർഷയുണ്ടോ? പത്രാധിപർ ശ്രദ്ധിച്ചില്ലെങ്കിൽ ഇനിയും വായനക്കാർ സഹിക്കേണ്ടിവരും!

**ഒ.പി ശബ്‌ന നിലമ്പൂർ**

# ഹൃദയവിശാലതക്കു വേണ്ടിയുള്ള പ്രാർഥന

**കെ.സി സലീം** എഴുതിയ 'സഹിഷ്ണുതയുടെ സംസ്കാരം' എന്ന ലേഖനമാണ് (ലക്കം 17) ഈ കുറിപ്പിന് പ്രേരകം. പ്രസ്തുത ലേഖനം സാന്ദർഭികവും ആത്മവിമർശനത്തിന് പ്രേരിപ്പിക്കുന്നതുമാണ്. സാമുദായിക പക്ഷപാതിത്വങ്ങളും സംഘടനാ സങ്കുചിതത്വങ്ങളും അരങ്ങ് തകർക്കുന്ന ഇക്കാലത്ത് സഹിഷ്ണുതാ ചിന്ത വളർത്തിയെടുക്കുക ഏറെ ശ്രമകരമാണ്. പണിപ്പെട്ട് സാധിച്ചെടുക്കേണ്ട ഒരു ഉത്കൃഷ്ട മൂല്യമാണത്. വിശുദ്ധ ഖുർആൻ നിരവധി സ്ഥലത്ത് പരാമർശിച്ച മൂസാ നബി(അ) തനിക്ക് പറ്റിയ ഒരു കൈപിഴയെ തുടർന്ന് ആത്മവിമർശം നടത്തുന്നതായി കാണാം. സങ്കുചിത സാമുദായിക ചിന്ത സമ്മാനിച്ച ആ ദുരന്തത്തെ പഴിച്ചുകൊണ്ട് നടത്തുന്ന പ്രാർഥനയാവാം, 'നാഥാ എന്റെ മനസ്സിൽ നിന്ന് സർവ വിധ സങ്കുചിതത്വങ്ങളും നീക്കി ഹൃദയവിശാലത നൽകേണമേ' എന്നത്. ഇസ്‌ലാമിക പ്രബോധന പ്രവർത്തനം ക്ഷിപ്രസാധ്യമാവാനുള്ള ഉപാധി തന്നെയാണ് ഹൃദയവിശാലത.

അസഹിഷ്ണുതയും സങ്കുചിത ചിന്തയും തന്നിലുണ്ടോ എന്ന് പരിശോധിക്കുന്നതിന് പകരം അവ അപരനിൽ ആരോപിക്കുകയാണ് എല്ലാവരും ചെയ്യുന്നത്. റോഡ് നിയമങ്ങൾ പാലിച്ചുകൊണ്ട് ഡ്രൈവ് ചെയ്യുകയാണ് റോഡപകടങ്ങൾ കുറക്കാനുള്ള മാർഗമെന്ന ഉപദേശം, എതിരെ വരുന്ന വാഹനങ്ങൾ നിയമം ലംഘിക്കുകയാണെങ്കിൽ നമ്മുടെ ശ്രമം പാഴ്‌വേലയാകില്ലേ എന്ന് പ്രതികരിച്ചുകൊണ്ട് തള്ളിക്കളയുന്ന മാനസികാവസ്ഥ അപകടകരം തന്നെയാണ്.

പതിനഞ്ച് ദിവസത്തോളം ഒന്നിച്ചു കഴിഞ്ഞ ഒരു സ്നേഹിതനെ സന്തോഷകരമല്ലാത്ത അന്തരീക്ഷത്തിൽ പിരിയേണ്ടിവന്ന അനുഭവം ഇവിടെ കുറിക്കേണ്ടതില്ലായിരുന്നു! മറന്നുപോയെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം തന്റെ ഉത്തരവാദിത്വ നിർവഹണത്തിനു ദ്യമിച്ചപ്പോൾ ഒരു പ്രബോധിതനായി നിന്നുകൊടുക്കാനുള്ള സഹിഷ്ണുതാ മനസ്സ് കൂടി പ്രദർശിപ്പിച്ചിരുന്നുവെങ്കിൽ യാത്രാന്ത്യത്തിലെ കല്ലുകടി ഒഴിവാക്കാമായിരുന്നു എന്ന

സന്ദേശമാണ് വായനക്കാരന് ലഭിക്കുക. മറ്റുള്ളവർ തനിക്ക് നൽകണമെന്നാഗ്രഹിക്കുന്ന അവകാശങ്ങൾ അപരന് നൽകുമ്പോഴേ സഹിഷ്ണുത പ്രകാശിതമാവൂ.

ആരാലും വിമർശിക്കപ്പെടാൻ ഇടയില്ലാത്ത വ്യക്തിത്വത്തിന്റെ ഉടമകളായി മാറുന്നുണ്ടോ എന്ന ആത്മപരിശോധന നാം നിരന്തരം നടത്തേണ്ടതുണ്ട്. ഈ ആത്മപരിശോധന നേതൃതലങ്ങളിലുള്ളവർക്കും താഴേതട്ടിലുള്ളവർക്കും സൗന്ദര്യം മാത്രമേ സമ്മാനിക്കുകയുള്ളൂ; വൈരൂപ്യമല്ല തീർച്ച. പേജുകൾ വിഭവ സമൃദ്ധമാക്കുന്നതിൽ ഈയിടെയായി *പ്രബോധനം* കാണിക്കുന്ന താൽപര്യം അഭിനന്ദനമർഹിക്കുന്നു.

**എൻ. ഖാലിദ് ചെറിയകുമ്പളം**

# എഴുത്തുകാരുടെ ഡയറക്ടറി

ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷങ്ങളാണ് അറുപതാണ്ട് തികഞ്ഞ *പ്രബോധനം* ഒരുക്കുന്നതെന്നറിഞ്ഞു. നല്ല കാര്യം, സന്തോഷം. കലാസാഹിത്യ രംഗത്ത് പ്രവർത്തിക്കുന്ന മുസ്‌ലിം സഹോദരന്മാരുടെ ഒരു ഡയറക്ടറി ഇതുവരെ ശ്രദ്ധയിൽ പെട്ടിട്ടില്ല. അങ്ങനെയൊന്ന് ലഭ്യമാണോ? അവശ്യം വേണ്ടതും ഇപ്പോഴില്ലാത്തതുമായ ഇത്തരമൊന്ന് സംഘാടകരുടെ പരിഗണനയിലുള്ളതിന്റെ സൂചന കണ്ടില്ല. സെമിനാറുകളും സംവാദങ്ങളും അൽപായുസ്സുകളാണ്. കേട്ടും വായിച്ചും മറന്നുപോകും പ്രസംഗങ്ങളും എഴുത്തും. ഡയറക്ടറി ഒരു ഈടുവെപ്പാണ്, ഭാവി തലമുറക്കും പ്രയോജനപ്പെടുന്നത്, ഗവേഷകർക്കും ചരിത്രകാരന്മാർക്കും ഒക്കെ. സദയം ആലോചിക്കുമല്ലോ?

**പി.പി ഹമീദ്**
**തിരുവനന്തപുരം**